# പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്
05-10-2021
## (4) ബിൽ അവതരിപ്പിക്കുന്നതിലെ നിയമതടസ്സം

2021 ഒക്ടോബർ 5-ാം തീയതി നിയമനിർമ്മാണകാര്യത്തിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ 2003-ലെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിൽ സംസ്ഥാനത്തെ റവന്യൂ കമ്മി 2017-18 മുതൽ 2019 -20 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കുമെന്നും ആസ്തികളെക്കാൾ കൂടുതലുള്ള ബാധ്യതകൾ കൊടുത്തുതീർക്കാൻ ഉപയോഗപ്പെടുത്തുമെന്നും വ്യവസ്ഥ ചെയ്തിരുന്നുവെന്നും 2015 -16-ൽ റവന്യൂ കമ്മി ജി.ഡി.പി.-യുടെ 1.7 ശതമാനമായിരുന്നത് 2020-21-ൽ 2.83 ശതമാനമായി വർദ്ധിച്ചുവെന്നും 2017-18 മുതൽ 2019-20 വരെ ധനസംബന്ധമായ കമ്മി മാത്രം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്ന് ശതമാനമായി നിലനിർത്തുമെന്ന് പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ലെന്നും 2019-20-ൽ 29.67

ശതമാനമായിരുന്ന കടബാധ്യത ഇപ്പോൾ 30.06 ശതമാനത്തിലെത്തിയിരിക്കുകയാണെന്നും പൊതുകടം വർദ്ധിച്ചുവെന്നും ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ ഉദ്ദേശ്യശുദ്ധിതന്നെ ഇല്ലാതായിരിക്കുകയാണെന്നും കോവിഡ് പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ വായ്പാപരിധി ജി.ഡി.പി.-യുടെ 5 ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ബിൽ വീണ്ടും ഭേദഗതി ചെയ്യേണ്ടതാണെന്നും മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് വിഭിന്നമായി കൂടുതൽ കടമെടുക്കുന്നതിന് പുതിയ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ലെന്നും ഈ സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പാക്കിയതിലെ പാളിച്ചകളും കോവിഡ് സാഹചര്യങ്ങളും റവന്യൂ വരുമാനം കുറയാൻ കാരണമായെന്നും 2019-20-ൽ അധിക വായ്പയെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതിനെത്തുടർന്നാണ് ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിൽ ഭേദഗതി ആവശ്യമായി വന്നതെന്നും 2020-21-ൽ 2% അധിക വായ്പ എടുക്കുന്നതിന് അനുമതി

ലഭിച്ചതിനാൽ ബില്ലിൽ വീണ്ടും ഭേദഗതി ആവശ്യമായി വന്നുവെന്നും കോവിഡ് മഹാമാരിയെത്തുടർന്നാണ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള വായ്പാപരിധി വർദ്ധിപ്പിച്ചുനൽകിയതെന്നും കോവിഡ് പ്രതിസന്ധിക്കിടയിൽ ജനങ്ങളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിന്റെ ഭാഗമായി റവന്യൂ ചെലവ് വർദ്ധിച്ചതിനാൽ ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും വിശദമാക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

**"2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3% ധനകമ്മിക്ക് പുറമെ കേന്ദ്ര സർക്കാർ ഒറ്റത്തവണയായി അനുവദിച്ച വായ്പാത്തുക സ്വീകരിക്കുന്നതിന് സ്വാഭാവികമായുണ്ടാകുന്ന നിയമതടസ്സം ഒഴിവാക്കുന്നതിനുള്ള നിയമ ഭേദഗതിയാണിത്. പൂർണ്ണമായും നിയമസഭയുടെ നിയമ നിർമ്മാണാധികാരത്തിന്റെ പരിധിയിൽ വരുന്നൊരു വിഷയമെന്ന നിലയിൽ ഈ ബിൽ അവതരിപ്പിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ യാതൊരുവിധ നിയമതടസ്സവും ഉള്ളതായി**

കാണുന്നില്ല. ആയതിനാൽ ക്രമപ്രശ്നം  നിലനിൽക്കുന്നതല്ല.